# Malayala Manoram

# 25 August 2018

# Aluva; Flood, Books and Award Templates ,Destroyed



എഴുത്തുകാരൻ സേതുവിന്റെ പടിഞ്ഞാറെ കടുങ്ങല്ലൂരിലെ വീട്ടിലെ പുസ്തകങ്ങളും പുരസ്കാര ഫലകവും മറ്റും വെള്ളപ്പൊക്കത്തിൽ നനഞ്ഞു കുതിർന്ന നിലയിൽ.

## സേതുവിന്റെ പുസ്തകങ്ങളും അവാർഡ് ഫലകങ്ങളും പ്രളയത്തിൽ നശിച്ചു

ആലുവ • എഴുത്തുകാരൻ സേതുവിന്റെ പടിഞ്ഞാറെ കടുങ്ങല്ലൂരിലെ വീട്ടിൽ സൂക്ഷിച്ചിരുന്ന പുസ്തകങ്ങളും മറ്റും ജലപ്രളയത്തിൽ നശിച്ചു. ഒരാഴ്ച സ്ഥലത്തില്ലാതിരുന്നതിനാൽ ഇത്രയും നാശനഷ്ടം സംഭവിച്ച വിവരം തിരിച്ചെത്തിയപ്പോഴാണ് അറിഞ്ഞത്.

സേതുവിന് ഏറ്റവും പ്രിയപ്പെട്ട കുറച്ചു പുസ്തകങ്ങളുടെ പുറംചട്ട മാത്രമേ പോയിട്ടുള്ളൂ. എന്നാൽ, മുപ്പതോളം വിദേശരാജ്യങ്ങൾ സന്ദർശിച്ചപ്പോൾ ശേഖരിച്ച അപൂർവ വസ്തുക്കളും അവാർഡ് ഫലകങ്ങളും മറ്റും വെള്ളം കയറി കേടായി.

16നു പുലർച്ചെ രണ്ടിനാണു പടിഞ്ഞാറെ കടുങ്ങല്ലൂർ ഭാഗത്തെ വീടുകളിൽ വെള്ളം കയറിയത്. സേതുവും ഭാര്യ രാജലക്ഷ്മിയും ദുബായിൽ ഉദ്യോഗസ്ഥനായ മകൻ അനിൽ കർത്ത, ഭാര്യ മായ, രണ്ടു പേരക്കുട്ടികൾ എന്നിവരാണ് അപ്പോൾ വീട്ടിൽ ഉണ്ടായിരുന്നത്. ആറോടെ ഇവർ കൊച്ചിയിലേക്കു പോയി. അവിടെ നിന്നു കോഴിക്കോട്ടെത്തി. മകനും ഭാര്യയും മക്കളും കരിപ്പൂർ വിമാനത്താവളം വഴി ദുബായിലേക്കു മടങ്ങി.

സേതുവും ഭാര്യയും കോഴിക്കോട്ടുള്ള ബന്ധുവിന്റെ വീട്ടിൽ തങ്ങി. വ്യാഴാഴ്ച വൈകിട്ടു തിരിച്ചെത്തിയപ്പോഴാണു ഞെട്ടിക്കുന്ന കാഴ്ച കണ്ടത്. വീടിന്റെ താഴത്തെ നില ഏറെക്കുറെ പൂർണമായും മുങ്ങിപ്പോയിരുന്നു.